**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം -കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-സോഫ്റ്റ് വെയർ വികസനത്തിനുള്ള സാങ്കേതിക ഉപദേശം നൽകുന്നതിനായുള്ള ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.8311/2018/ധന തിരുവനന്തപുരം, തീയതി : 07/10/2018**

പരാമർശം:- 1) 23/07/2017-ലെ സ.ഉ(കൈ)നം. 18/2017/ഐ.ടി.ഡി

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 06/02/2018-ലെ കെ.എസ്.എ.1482/ഐ.റ്റി.1/2018 നമ്പർ കത്ത്.

3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 10/09/2018-ലെ കെ.എസ്.എ.599/2018/ഐ.ടി.1 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 ലെ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളുടെ ഐ.ടി പ്രോജക്ടുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയർ വികസനം. AMC ഫൈനലൈസേഷൻ തുടങ്ങിയ വിഷയങ്ങളിൽ സാങ്കേതിക ഉപദേശം നൽകുന്നതിനും പ്രസ്തുത പ്രോജക്ടുകൾ വിശദമായി വിലയിരുത്തി അനുമതി ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനുമായി വകുപ്പ് തലത്തിൽ സ്റ്റേറ്റ് ഇ- ഗവേൺൻസ് മിഷൻ ടീം പ്രതിനിധി, കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ പ്രതിനിധി, മറ്റ് സർക്കാർ സ്ഥാപനത്തിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഇപ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട സാങ്കേതിക വിദഗ്ധരുടെ വിശദാംശങ്ങൾ പരാമർശം 3 പ്രകാരം സർക്കാരിലേക്ക് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ IT പ്രോജെക്ടുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട്, ഉപകരണങ്ങൾ വാങ്ങുന്നതിനും, സാങ്കേതിക ഉപദേശം നൽകുന്നതിനും പ്രസ്തുത പ്രോജെക്ടുകൾ വിശദമായി വിലയിരുത്തി അനുമതി നൽകുന്നതിനും സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുന്നതിനായി താഴെ പറയുന്ന സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടെക്കനിക്കൽ കമ്മറ്റി രൂപികരിച്ച് ഉത്തരവാകുന്നു.

| **നം** | **ഉദ്യോഗസ്ഥന്റെ പേര്** | **തസ്തിക** | **ഔദ്യോഗിക മേൽവിലാസം** |
|---|---|---|---|
| 1 | ശ്രീ.മുരളീധരൻ.എം | സ്റ്റേറ്റ് ഇ- ഗവേണൻസ് മിഷൻ ടീം ഹെഡ് | സ്റ്റേറ്റ് ഇ- ഗവേണൻസ് മിഷൻ ടീം (SeMT), കേരള |
| 2 | ഡോ.എലിസബത്ത് ഷെർലി | പ്രൊഫസർ | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്-കേരള IIITM-K ബിൽഡിംഗ്, ടെക്നോപാർക്ക് കാമ്പസ്, തിരുവനന്തപുരം |
| 3 | ശ്രീ.കൃഷ്ണൻ.ബി.നായർ | ഡൊമൈൻ എക്സ്പെർട്ട്(KSITM) | കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ICT ക്യാമ്പസ്,വെള്ളയമ്പലം, തിരുവനന്തപുരം |
| 4 | ശ്രീ.അനിൽകുമാർ.ആർ | അണ്ടർ സെക്രട്ടറി | ഐ.ടി.വിംഗ്,ധനകാര്യവകുപ്പ്, ഗവ:സെക്രട്ടറിയേറ്റ്, തിരുവനന്തപുരം |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ശ്രീനി .ജി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട സാങ്കേതിക വിദഗ് ധർ (ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
പൊതുഭരണ (IT )വകുപ്പ്

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
ഫയൽ നം. എസ്റ്റാ.ഡി1/34/2018/ധന (763206)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ